(എ) ഈ വർഷം സാമൂഹ്യ വനവൽക്കരണ പദ്ധതിയിൽപ്പെടുത്തി അട്ടപ്പാടിയിലെ മൂച്ചിക്കുണ്ടിലും ബൊമ്മ്യാംപടിയിലും എത്ര ഹെക്കറിൽ മരം വച്ചു പിടിപ്പിക്കാൻ ഉദ്ദേശിക്കുന്നു;

(ബി) ഈ പദ്ധതിക്ക് ഓരോ സ്ഥലത്തും എത്ര രൂപാ വീതം ചെലവാകും എന്നാണ് കണക്കാക്കിയിരിക്കുന്നത്;

(സി) ഓരോ സ്ഥലത്തും ഏതെല്ലാം ഇനങ്ങളിലുള്ള തൈകളാണ് നടുന്നത്; അവ എത്ര വീതം?

ഉത്തരം

(എ) സാമൂഹ്യ വനവൽക്കരണ പരിപാടിയിൽ ഉൾപ്പെടുത്തി അട്ടപ്പാടിയിലെ മൂച്ചിക്കുണ്ടിൽ 24.28 ഹെക്ടറിലും ബൊമ്മ്യാംപടിയിൽ 22.68 ഹെക്ടറിലും വനം വച്ചുപിടിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

(ബി) മൂച്ചിക്കുണ്ടിലെ വനവൽക്കരണത്തിന് 2,38,000 രൂപയും ബൊമ്മ്യാംപടിയിലെ വനവൽക്കരണത്തിന് 2,45,000 രൂപയും ചെലവു വരുമെന്നു പ്രതീക്ഷിക്കുന്നു.

(സി) മൂച്ചിക്കുണ്ടിൽ ഏകദേശം 1,08,000 തൈകളാണ് നടുവാൻ ഉദ്ദേശിക്കുന്നത്. ഇതിൽ അക്കേഷ്യയും, സിൽവർഓക്കും പുളിയും മാറ്റും ഉൾപ്പെടുന്നു. ബൊമ്മ്യാംപടിയിൽ ഏകദേശം 1,01,000 തൈകളാണ് നടാൻ ഉദ്ദേശിക്കുന്നത്. അക്കേഷ്യ, കാറ്റാടി, പുളി, പ്രോസോപ്പിസ് എന്നിവയാണ് പ്രധാന ഇനങ്ങൾ.

ഫാം ഫോറസ്ട്രി മേഖലയിലെ അതിജീവനശതമാനം

1276 [2300] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫാം ഫോറസ്ട്രി മേഖലയിലെ അതിജീവന ശതമാനം കണക്കാക്കാൻ ഇൻവെസ്റ്റിഗേറ്റർമാരെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെ;

(ബി) ഇവരെ തിരഞ്ഞെടുത്ത മാനദണ്ഡം വ്യക്തമാക്കുമോ;

(സി) ഈ ഇൻവെസ്റ്റിഗേറ്റർമാർക്കായി ഇതിനകം എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഫാം ഫോറസ്ട്രി മേഖലയിലെ അതിജീവന ശതമാനം കണക്കാക്കാൻ 1983—ൽ 78 പേരെയും 1985—ൽ 332 പേരെയും ഇൻവെസ്റ്റിഗേറ്റർമാരായി നിയോഗിച്ചിട്ടുണ്ട്.

(ബി) ഈ വിധ ജോലിയിൽ പരിശീലനം നേടിയവരെയാണ് ഇൻവെസ്റ്റിഗേറ്റർമാരായി എടുത്തത്. ഈ ജോലി കേരള സർക്കാരിന്റെ ഇക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പും വേറെ രണ്ട് സോഷ്യൽ സ്റ്റഡി കോളേജുകളും മുഖേനയാണ് ചെയ്തത്. സർക്കാർ സർവ്വീസിലെ ഇൻവെസ്റ്റിഗേറ്റർമാരും കോളേജുകളിലെ ഗ്രാഡ്വേറ്റും പോസ്റ്റ് ഗ്രാഡ്വേറ്റും വിദ്യാർത്ഥികളും ആണ് നിയോഗിക്കപ്പെട്ടത്. ഇവരെ നിയോഗിച്ചത് ഇക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പു മേധാവിയും കോളേജ് അധികൃതരുമാണ്. ഈ നടപടി സർക്കാർ അംഗീകരിച്ചതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1,11,139.50 രൂപ ചെലവായിട്ടുണ്ട്.

മുത്തിക്കുളത്തെ ആദിവാസികൾക്ക് നൽകാനായി ഏൽപ്പിച്ച തുക

1277 [2301] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോയമ്പത്തൂർ മുനിസിപ്പാലിറ്റി മുത്തിക്കുളത്തെ ആദിവാസികൾക്കു നൽകാനായി ഏൽപ്പിച്ച തുക പാലക്കാട്ടെ ഏതെങ്കിലും ഡി. എഫ്. ഒ. യുടെ പേരിൽ നിക്ഷേപിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തുക എത്രയാണ്;

(സി) ഈ തുക എന്നാണ് നിക്ഷേപിച്ചത്, ഈ തുക ആദിവാസികൾക്ക് നൽകാത്തതിന് കാരണം എന്താണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇത് അനധികൃതമായി വച്ചു താമസിപ്പിച്ച ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പാലക്കാട് ടെറിറ്റോറിയൽ ഡി. എഫ്. ഒ.യുടെ പേരിൽ കോയമ്പത്തൂർ ഹെഡ് പോസ്റ്റാഫീസിലെ 89103 നമ്പർ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

(ബി) 2,000 (രണ്ടായിരം) രൂപ.

(സി) ഈ തുക 13–4–1940–ലാണ് നിക്ഷേപിച്ചത്. ഈ തുകയിൽ 1695.15 രൂപ കഴിച്ച് ബാക്കിയുള്ള തുക സംസ്ഥാന പുനഃസംഘടനയ്ക്കു മുൻപു തന്നെ അർഹരായ ഇരുളർക്ക് വിതരണം ചെയ്തിരുന്നു. ബാക്കിയുള്ള 1695.15 രൂപ പലിശ സഹിതം ആകെ 1889.85 രൂപ ഗവൺമെന്റ് ഉത്തരവ് നമ്പർ ജി. ഒ. (ആർ.ടി) 451/77/ഡി.ഡി. തീയതി 23–2–1977 പ്രകാരം ഇൻഗ്രേറ്റഡ് ട്രൈബൽ ഡലവപ്പ്മെന്റ് പ്രോജക്ട് ആഫീസർക്ക് (അഗളി) 22–1–1979–ൽ അർഹരായ ഇരുളർക്ക് വിതരണം ചെയ്യുവാൻ ഏൽപ്പിച്ചിട്ടുണ്ട്.

(ഡി) പ്രശ്നം ഉദിക്കുന്നില്ല.

ആദിവാസി മേഖലകളിൽ സബ് രജിസ്ട്രാർ ആഫീസ്

1278 [2302] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ എവിടെയെങ്കിലും സബ്രജിസ്ട്രാർ ഓഫീസ് ഉണ്ടോ;

(ബി) അട്ടപ്പാടിയിൽ ഒരു സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആദിവാസി മേഖലകളിൽ വൈത്തിരി, കൽപ്പറ്റ, സുൽത്താൻബത്തേരി, മണ്ണാർക്കാട്, മാനന്തവാടി, പുൽപ്പള്ളി എന്നീ സ്ഥലങ്ങളിൽ സബ് രജിസ്ട്രാർ ഓഫീസുകളുണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly